പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1116. 30.11.2018 ൽ മറുപടിയ്ക്ക്

## ബ്രൂവറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 28-07-2016-ലെ സർക്കാർ ഉത്തരവിന്റെ (G.O (Rt) 587/2016/ TD) അടിസ്ഥാനത്തിൽ അപ്പോളോ ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറി യൂണിറ്റ് സ്ഥാപിക്കുന്നതിന് നൽകിയിരുന്ന അനുമതി ഈ സർക്കാരിന്റെ കാലത്ത് നിഷേധിച്ചിരുന്നോ; | (എ) യും (ബി) യും | നിഷേധിച്ചിരുന്നു.<br>കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിനനുസൃതമായി പരിശോധിച്ച് സമർപ്പിച്ചിരുന്ന ഫയലിലെ തീരുമാനപ്രകാരമാണ് 28/07/2016-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്പനിയുടെ അപേക്ഷ നിരസിച്ചതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | 28-06-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം (G.O.(Rt) No.461/2018/TD) ഇതേ കമ്പനിക്ക് എലപ്പുള്ളിയിൽ തന്നെ ബ്രൂവറി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2016-ൽ അനുമതി നിഷേധിച്ച കമ്പനിക്ക് രണ്ട് വർഷം കഴിഞ്ഞ് അനുമതി നൽകിയത് ഏത് പ്രത്യേക സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | 13/06/2017 തീയതിയിലെ സ.ഉ(കൈ)നം.43/2017/ നി.വ. പ്രകാരം ഈ സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിക്കുകയുണ്ടായി. മദ്യനിരോധനമല്ല മറിച്ച് മദ്യവർജ്ജനമാണ് നയമെന്ന് ആയതിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മദ്യ നയത്തിൽ 3 സ്റ്റാർ ക്ലാസ്സിഫിക്കേഷനു മുകളില്ലുള്ള ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് നൽകുന്നതിനും തീരുമാനിച്ചിരുന്നു. സർക്കാരിന്റെ പുതിയ മദ്യനയം പരിഗണിച്ച് 13/11/2017-ൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 28/06/2018-ന് ബ്രൂവറി സ്ഥാപിക്കുവാൻ അനുമതി നൽകി ഉത്തരവായിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ വിദേശമദ്യം ഇറക്കുമതി ചെയ്യേണ്ട സാഹചര്യം കണക്കിലെടുത്ത്, സംസ്ഥാനത്ത് തന്നെ ബ്രൂവറി സ്ഥാപിക്കുന്നത് വഴി, മദ്യ ഇറക്കുമതി കുറയ്ക്കുന്നതിനും, തൊഴിലവസരങ്ങൾ കൂട്ടുന്നതിനും നികുതി വരുമാനം ലഭ്യമാകുന്ന സാഹചര്യവും കൂടി പരിശോധിച്ചാണ് ഇത്തര ത്തിലൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (ഇ) | സർക്കാരിന്റെ മദ്യനയത്തിൽ വന്ന മാറ്റമാണോ പ്രസ്തുത തീരുമാനത്തിലേക്ക് നയിച്ചതെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**